ഉത്തരം

(എ) 1. ഗവൺമെൻറ് എഞ്ചിനീയറിംഗ് കോളേജ്, പൈനാവ്
2. ഗവൺമെൻറ് എഞ്ചിനീയറിംഗ് കോളേജ്, തൃശ്ശൂർ
3. ഗവൺമെൻറ് എഞ്ചിനീയറിംഗ് കോളേജ്, കണ്ണൂർ
4. രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, കോട്ടയം എന്നീ ഗവൺമെൻറ് എഞ്ചിനീയറിംഗ് കോളേജുകളിൽ ജലദൗർലഭ്യം അനുഭവപ്പെടുന്നുണ്ട്.

(ബി) നോട്ടീസ് നൽകിയിട്ടുണ്ട്.

(സി) കേരള ജല അതോറിറ്റിയിൽ നിന്നും പൈപ്പ് പൊട്ടുകമൂലമോ പമ്പിംഗ് നടക്കാത്തതുമൂലമോ ജലം ലഭിക്കാത്ത പക്ഷം ദൈനംദിന ആവശ്യങ്ങൾക്കും പാചകത്തിനും ആവശ്യമായ ജലം ടാങ്കുകളിൽ ലഭ്യമാക്കുന്നുണ്ട്. ജല അതോറിറ്റി മുഖാന്തിരവും പ്രൈവറ്റ് ഏജൻസികൾ മുഖേനയും ഇപ്രകാരം ജലം ഹോസ്റ്റലുകളിൽ ലഭ്യമാക്കുന്നുണ്ട്. കൂടാതെ ക്യാമ്പസ്സിലുള്ള രണ്ട് കുഴൽ കിണറുകൾ വൃത്തിയാക്കി പമ്പ് ചെയ്യാനുള്ള സംവിധാനം നിലവിലുണ്ട്. പൂർവ്വ വിദ്യാർത്ഥി സംഘടന (സി.ഇ.റ്റി.എ.എ.)-യുമായി സഹകരിച്ച് മഴവെള്ള സംഭരണത്തിനായുള്ള ഒരു ബൃഹത് പദ്ധതി തയ്യാറാക്കിയിട്ടുണ്ട്.

(ഡി) ബദൽ സംവിധാനം നിലവിലുണ്ട്.

(ഇ) ഉണ്ട്. തിരുവനന്തപുരം കോളേജ് ഓഫ് എഞ്ചിനീയറിംഗിൽ 2005 ഏപ്രിൽ 10-ന് അരുൺ പ്രകാശ് എന്ന വിദ്യാർത്ഥി അധികൃതരുടെ മുന്നറിയിപ്പ് അവഗണിച്ച് ക്യാമ്പസ്സിലുള്ള കുളത്തിൽ കുളിക്കാൻ പോവുകയും കുളത്തിൽ വീണ് മരിക്കുകയും ചെയ്തിട്ടുണ്ട്.

(എഫ്) കോളേജ് ഓഫ് എഞ്ചിനീയറിംഗിൽ നിന്നും നഷ്ടപരിഹാരം നൽകിയിട്ടില്ല. മൃതദേഹം നാട്ടിലെത്തിക്കാനും അതിനോടനുബന്ധിച്ചുള്ള ചിലവുകളും ആ സ്ഥാപനത്തിലെ പി.റ്റി.എ. ആണ് വഹിച്ചത്.

കേരള സ്റ്റേറ്റ് സയൻസ് ആൻഡ് ടെക്നോളജി മ്യൂസിയം
ജീവനക്കാരുടെ സർവ്വീസ്

49 [1571] ശ്രീ. ഇ. എം. അഗസ്തി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരള സ്റ്റേറ്റ് സയൻസ് ആൻഡ് ടെക്നോളജി മ്യൂസിയം ജീവനക്കാരുടെ സർവ്വീസ് സംബന്ധിച്ച് സംഘടനാ പ്രതിനിധികളുമായി എത്ര പ്രാവശ്യം ചർച്ച നടത്തിയെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇത്തരം ചർച്ചയിൽ എന്തെല്ലാം തീരുമാനങ്ങൾ കൈക്കൊണ്ടുവെന്നും, അവയിൽ ഏതെല്ലാം തീരുമാനങ്ങൾ നടപ്പിലാക്കിയെന്നും ഇവ ഇനം തിരിച്ച് വെളിപ്പെടുത്തുമോ;

(സി) മറ്റ് തീരുമാനങ്ങൾ നടപ്പിലാക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) ഈ തീരുമാനങ്ങൾ നടപ്പിലാക്കാത്ത ഉദ്യോഗസ്ഥരുടെ പേരിൽ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഒരു പ്രാവശ്യം ചർച്ച നടത്തിയിട്ടുണ്ട്.

(ബി ആൻറ് സി) (i) മ്യൂസിയം സ്പെഷ്യൽ റൂൾസ് ജീവനക്കാരുമായുള്ള വിശദമായ ചർച്ചയ്ക്കുശേഷം നടപ്പിലാക്കുക.

(ii) എല്ലാ ജീവനക്കാർക്കും പ്രയോജനം ലഭിക്കത്തക്ക രീതിയിൽ എൻ.ഐ.സി.-യുമായി ചേർന്ന് 'ഗ്രൂപ്പ് ഗ്രാറ്റുവിറ്റി സ്കീം' നടപ്പിലാക്കുക.

(iii) ജീവനക്കാരുടെ വാർഷിക ഇൻക്രിമെൻറ്, ഗ്രേഡ് പ്രമോഷൻ മുതലായ കാര്യങ്ങളിൽ വേണ്ട നടപടികളും സ്വീകരിക്കുക എന്നിവയാണ് ചർച്ചയിൽ കൈക്കൊണ്ട തീരുമാനങ്ങൾ. ഇവയിൽ വാർഷിക ഇൻക്രിമെൻറ് അനുവദിച്ചിട്ടുണ്ട്. 'മ്യൂസിയം സ്പെഷ്യൽ റൂൾസ്' രൂപീകരണം സർക്കാരിൻെറ സജീവ പരിഗണനയിലാണ്. 'ഗ്രൂപ്പ് ഗ്രാറ്റുവിറ്റി സ്കീം' സംബന്ധിച്ച് പുതുക്കിയ പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് പരിശോധിച്ച് വേണ്ട നടപടി സ്വീകരിക്കുന്നതാണ്.

(ഡി) ബി ആൻറ് സി യുടെ മറുപടിയുടെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

എൻട്രൻസ് പരീക്ഷ

50 [1572] ശ്രീ. ടി. എൻ. പ്രതാപൻ:
,, ലൂഡി ലൂയിസ്:
,, എം. മുരളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ബഹു. വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) ഈ വർഷം സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിലേക്കുള്ള പ്രവേശനത്തിനായി എൻട്രൻസ് പരീക്ഷ നടത്തിയതെന്നായിരുന്നു;

(ബി) പ്രസ്തുത പരീക്ഷ തടയുവാൻ ആരെല്ലാം ശ്രമിച്ചു;

(സി) അതിൻെറ ഫലമായി എത്ര സെൻററുകളിൽ പരീക്ഷ നടത്താൻ കഴിയാതെ വന്നു;

(ഡി) എത്ര സ്ഥലങ്ങളിൽ ക്രമസമാധാന പ്രശ്നം ഉണ്ടായി എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളുടെ കൺസോർഷ്യം 26-6-2005-നും സ്വാശ്രയ മെഡിക്കൽ കോളേജുകളുടെ കൺസോർഷ്യം 9-7-2005-നും പ്രവേശന പരീക്ഷ നടത്തി.

(ബി) വിവിധ പ്രതിപക്ഷ വിദ്യാർത്ഥി യുവജന സംഘടനകളും ഈ പരീക്ഷകളും തടസ്സപ്പെടുത്താൻ ശ്രമിച്ചതായി അറിയാൻ കഴിഞ്ഞിട്ടുണ്ട്.

(സി) എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷ ഒരു സെൻററിൽ (എസ്.എൻ. എഞ്ചിനീയറിംഗ് കോളേജ്, പയ്യന്നൂർ) തടസ്സപ്പെട്ടു.

(ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly